**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **14-03-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എം.വിജിൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. 1) മികച്ച സൗകര്യങ്ങളോടുകൂടിയതും ആകർഷകവുമായ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളുമൊരുക്കൽ. 2) ക്ലാസ് മുറികളെ കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ സംവിധാനത്തോടെ ആധുനികവത്കരിക്കൽ. 3) കോവിഡിന്റെ പ്രതിസന്ധികാലത്തും പഠനവും പരീക്ഷയും മുടക്കമില്ലാതെ നടത്തി കുട്ടികളുടെ ഭാവി സുരക്ഷിതമാക്കൽ. 4) ഓൺലൈൻ ക്ലാസുകൾക്കായി പ്രത്യേക സംവിധാനം ജി-സ്യൂട്ട് വഴി ക്രമീകരിക്കൽ ഉപകരണങ്ങൾ ഇല്ലാത്തതിനാൽ ഓൺലൈൻ ക്ലാസ് ലഭ്യമല്ലാത്ത ആദിവാസി പിന്നോക്ക വിഭാഗം കുട്ടികൾക്കായി പ്രത്യേക പദ്ധതി പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്യൽ. 5) കോവിഡ് മഹാമാരി കുട്ടികളെ മാനസികവും ശാരീരികവുമായി എങ്ങനെയെല്ലാം ബാധിച്ചു എന്നറിയുന്നതിനായി വിശദമായ പഠനങ്ങൾ സംഘടിപ്പിക്കുകയും വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് കുട്ടികൾക്ക് പല മാധ്യമങ്ങൾ വഴി കൗൺസിലിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ. 6) കോവിഡ് കാലത്ത് നേരിട്ട് സ്കൂളിലെത്താൻ കഴിയാതെ പോയതിനാൽ കുട്ടികൾക്കുണ്ടായ പഠനവിടവ് കണ്ടെത്തുന്നതിനും നികത്തുന്നതിനും ഓരോ ക്ലാസുകളും കേന്ദ്രീകരിച്ച പ്രത്യേക പഠന പാക്കേജ് വർക്ക് ഷീറ്റ് മാതൃകയിൽ തയ്യാറാക്കി സ്കൂളുകളിലെത്തിക്കുക. 7) ഡിജിറ്റൽ മാധ്യമങ്ങളുടെ അമിതോപയോഗം തടയുന്നതിനും കുട്ടികളെ പഠനപ്രവർത്തനങ്ങളിൽ വ്യാപൃതരാക്കുന്നതിനും വേണ്ടി വീട്ടിൽ ഒരു ലാബ്, വീട്ടിൽ ഒരു ഗണിത ലാബ് എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. 8) മാറുന്ന കാലത്തിന് അനുസൃതമായി പാഠ്യപദ്ധതിയിലും |

| | | | |
|---|---|---|---|
| | | | സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കി. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ് മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്. കോവിഡ് -19 പ്രതിസന്ധി ഘട്ടത്തിലും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്കായി ലഭ്യമായ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ചെയ്യുകയും സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും പൊതുവിദ്യാലയങ്ങളിലെ എല്ലാ വിഭാഗം കുട്ടികൾക്കും ക്ലാസുകൾ ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം വിദ്യാർത്ഥികൾക്ക് അധ്യാപകരുമായി ജി-സ്യൂട്ട് സംവിധാനത്തിലൂടെ നേരിട്ട് സംവദിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. കുട്ടികൾക്ക് നേരിട്ട് സ്കൂളിൽ വന്ന് പഠിക്കുന്നതിന് സൗകര്യം ഒരുക്കിയപ്പോഴും ആവശ്യമുള്ള കുട്ടികൾക്ക് ഏതവസരത്തിലും ഉപയോഗിക്കുന്നതിനായി ഡിജിറ്റൽ ക്ലാസുകൾ firstbell.kite.kerala.gov.in ൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഭൗതിക സൗകര്യ വികസനത്തിന് മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | കിഫ്ബി ധനസഹായത്തോടെ ഭൗതിക സൗകര്യ വികസനം നടത്തുന്നതിന് മുൻ സർക്കാർ തെരഞ്ഞെടുത്തിരുന്ന 5 കോടി പദ്ധതിയിൽ ഉൾപ്പെട്ട 125 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 16 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 3 കോടി പദ്ധതിയിൽ ഉൾപ്പെട്ട 114 സ്കൂളുകളുടെയും 1 കോടി പദ്ധതിയിൽ ഉൾപ്പെട്ട 2 സ്കൂളുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൗതിക സൗകര്യവികസന പദ്ധതികളിൽ ഒന്നും തന്നെ ഉൾപ്പെടാതെ പോയ |

| | | | |
|---|---|---|---|
| | | | സ്കൂളുകളിൽ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുക, ഇത്തരം സ്കൂളുകൾ കണ്ടെത്തുന്നതിനായി മാർഗ്ഗരേഖ വികസിപ്പിക്കുക, കണ്ടെത്തുന്ന സ്കൂളുകൾ വിവിധ പദ്ധതികളിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങി ഇനിയും ഭൗതിക സൗകര്യ വികസനം ആവശ്യമുള്ള വിദ്യാലയങ്ങളെ കണ്ടെത്തി ആവശ്യങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ട സ്കൂളുകൾ കണ്ടെത്തി അവയുടെ ആവശ്യങ്ങൾ നിറവേറ്റാൻ പരിപാടിയുണ്ടോ; ഇതുവരെ എത്ര സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം പൂർത്തീകരിക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141സ്കൂളുകളെയും 3കോടി കിഫ്ബി ധനസഹായത്തോടെ 386 സ്കൂളുകളെയും 1 കോടി കിഫ്ബി ധനസഹായത്തോടെ 446 സ്കൂളുകളെയും ഭൗതിക സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിരുന്നു. ആയതിൽ 241 സ്കൂളുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളുടെയും നിർമ്മാണം അടുത്ത് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻഫണ്ടുപയോഗിച്ചും മറ്റ് ഫണ്ടുകളുപയോഗിച്ചും സ്കൂളുകളുടെ നിർമ്മാണം നടന്നു വരുന്നു. |
| (ഡി) | അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പരിപാടികളെക്കുറിച്ച് അറിയിക്കാമോ? | (ഡി) | വിദ്യാഭ്യാസരംഗത്തെ നിർണായക ഘടകമായ അധ്യാപകരുടെ ഗുണമേന്മയും പ്രവർത്തനമികവും വർദ്ധിപ്പിക്കുന്നതിന് വിപുലമായ പരിശീലന പരിപാടികളാണ് നടന്നുവരുന്നത്. എസ്.സി.ഇ.ആർ.ടി ആറ് മാസം നീണ്ടു നിൽക്കുന്ന പ്രത്യേക കോഴ്സ് അധ്യാപകർക്കായി അനുവദിച്ചിട്ടുണ്ട്. സമഗ്ര അധ്യാപക പരിവർത്തന പരിപാടിയുടെ ഭാഗമായ ഈ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാക്കി കഴിഞ്ഞു. അക്കാദമിക രംഗത്തെ മികവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനു വ്യാപിപ്പിക്കുന്നതിനുമായി വിവിധ പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി നടപ്പിലാക്കിവരുന്നുണ്ട്. ഗവേഷണാത്മക അധ്യാപക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകൽ, അധ്യാപന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകൽ, മികവുകളുടെ ഡോക്യുമെന്റേഷൻ, തെരഞ്ഞെടുത്ത വിദ്യാലയങ്ങൾക്ക് അക്കാദമിക പിന്തുണ നൽകൽ എന്നിവ ഇതിൽപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകമായ പ്രീ-സ്കൂളിന് ശാസ്ത്രീയമായ പദ്ധതിയും അത് പ്രാവർത്തികമാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി തയ്യാറാക്കുകയും, പ്രീ-സ്കൂൾ അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഗണിതം, |

| | | | |
|---|---|---|---|
| | | | സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങൾക്ക് മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ദേശീയതലത്തിലുള്ള വിദഗ്ധരുമായി സംവദിക്കുന്നതിനും സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും അവസരമൊരുക്കുന്ന ന്യൂമാറ്റ്സ്, സ്റ്റെപ്സ് എന്നീ പരിപാടികൾ എസ്.സി.ഇ.ആർ.ടി നടപ്പാക്കി വരുന്നു. ഇതേ മാതൃകയിൽ സയൻസ് ടാലന്റ് നർച്ചറിംഗ് പ്രോഗ്രാം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനത്തെ സമഗ്രമായി കണ്ടുകൊണ്ട്, ദീർഘകാലത്തേയ്ക്കുള്ള അക്കാദമിക ആസൂത്രണം നിർവഹിക്കാനും പ്രാവർത്തികമാക്കാനും മികവിന്റെ കേന്ദ്രമാക്കി ഉയർത്താനും ഉതകുന്ന അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന് എല്ലാ വിദ്യാലയങ്ങൾക്കും പിന്തുണ നൽകാനും, ഇതിനുള്ള പ്രവർത്തന പദ്ധതി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിവരുന്നു. അതിഥി തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ മികവിനായി എറണാകുളത്ത് നടപ്പിലാക്കിയ റോഷ്നി പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിനുള്ള രൂപരേഖ എസ്.സി.ഇ.ആർ.ടി.തയ്യാറാക്കിവരുന്നു.. ആദിവാസി പിന്നോക്ക വിഭാഗങ്ങളുടെ കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി മെന്റർ ടീച്ചറുടെ സേവനം, ഊരുവിദ്യാകേന്ദ്രങ്ങൾ, എഡ്യൂക്കേഷണൽ വാളന്റിയറുടെ സേവനം, ഗോത്രസാരഥി വഴി വാഹനസൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കി. ക്ലാസ് മുറികൾ ഹൈടെക്കായതിനൊപ്പം പരമ്പരാഗത അധ്യാപന രീതിയിലും മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ് മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ